ഉത്തരം

(എ) ചാരായ നിരോധനത്തിന് ശേഷം വിദേശ മദ്യത്തിന്റെ വില്പന വർദ്ധിച്ചുവരികയാണ്.

(ബി) ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു പഠനം നടത്തിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ഡി) സാധാരണക്കാർക്ക് ഗുണമേന്മയുള്ള വില കുറഞ്ഞ മദ്യം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തുവരുന്നു.

(ഇ) നടപടി എടുത്തിട്ടുണ്ട്.

(എഫ്) മദ്യപാനത്തിന്റെ ദോഷഫലങ്ങൾ മദ്യവില്പന ശാലകൾ കേന്ദ്രീകരിച്ച് പ്രചരിപ്പിക്കുകയെന്നത് പ്രായോഗികമായി കരുതുന്നില്ല. എങ്കിലും ഇക്കാര്യത്തിൽ നിയമാനുസൃതമായി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്.

കൂപ്പണ മദ്യദുരന്തം

97 [3684] ശ്രീ. കെ. ബാബു:

,, സി. പി. മുഹമ്മദ്:

,, വി. ജെ. പൗലോസ്:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂപ്പണ മദ്യദുരന്തത്തിൽ എത്ര പേർ മരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ദുരന്തത്തിന് എത്ര ഉദ്യോഗസ്ഥർ ഉത്തരവാദികളാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഴു പേർ മരിച്ചു.

(ബി) വകുപ്പുതല അന്വേഷണത്തിൽ 30 ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്ന് തെളിഞ്ഞിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്തു.

ചില്ലറ വിദേശമദ്യ വില്പനശാലകളിലെ ആശ്രിത നിയമനം

98 [3685] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ചില്ലറ മദ്യവില്പനശാലകളിൽ ജോലിയിലിരിക്കെ മരണപ്പെടുന്നവരുടെ സ്ത്രീകളായ ആശ്രിതർക്ക്, ആശ്രിത നിയമനം നല്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തടസ്സമായ വ്യവസ്ഥകൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഈ വ്യവസ്ഥ ഭേദഗതി ചെയ്ത് സ്ത്രീകളായ ആശ്രിതർക്ക് ആശ്രിത നിയമനം നല്കുന്നതിനുള്ള തടസ്സം നീക്കാൻ തയ്യാറാകുമോ;

(ഡി) ഇത്തരത്തിലുള്ള ആശ്രിത നിയമനത്തിന് എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്;

(ഇ) അവയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിദേശമദ്യ നിയമത്തിലെ 36-ാം ഖണ്ഡിക പ്രകാരം യാതൊരുകാരണവശാലും സ്ത്രീകളെ വിദേശമദ്യ ഷോപ്പുകളിൽ നിയമിക്കാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ട്.

(സി) ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്ന കാര്യം ആലോചനയിലുണ്ട്.

(ഡി ആന്റ് ഇ) ഇത്തരത്തിലുള്ള 15 അപേക്ഷകൾ ബീവറേജസ് കോർപ്പറേഷന്റെ പരിഗണനയിലാണ്.

പുതിയതായി ആരംഭിച്ച വിദേശമദ്യഷാപ്പുകളിലെ ദിവസക്കൂലിക്കാരായ ജീവനക്കാർ

99 [3686] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വിദേശമദ്യഷാപ്പുകളിൽ ദിവസക്കൂലിക്കാരായി എത്ര തൊഴിലാളികളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ എന്താണ് എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly